# Athmaraksha.org

ലേഖനം - സാത്താന്റെ പ്രവർത്തനങ്ങൾ

## സാത്താൻ ആരാധകന് വിശുദ്ധജീവിതം നയിക്കാൻ കഴിയുമോ?



ഉവ്വ് എന്നാണ് ഈ ചോദ്യത്തിനുള്ള ഉത്തരം. വാഴ്ത്തപ്പെട്ട ബർത്തലോ ലോംഗോയുടെ ജീവിതം പറയുന്നത് അക്കാര്യമാണ്. പക്ഷേ അതെങ്ങനെ സാധിക്കും എന്ന ചോദ്യത്തിന് പരിശുദ്ധ മറിയത്തിന്റെ മാധ്യസ്ഥം യാചിക്കുക എന്നുകൂടി ഉത്തരമുണ്ട്. എല്ലാവിധത്തിലും മലിനമാക്കപ്പെട്ട ജീവിതമായിരുന്നു ബർത്തലോ ലോംഗോയുടേത്. സമ്പന്നവും ക്രിസ്തീയവുമായ ഒരു കുടുംബത്തിലായിരുന്നു ജനനമെങ്കിലും നിയമം പഠിക്കാൻ നേപ്പിൾസിലേക്കുള്ള യാത്ര ബെർത്തലോ ലോംഗോയുടെ ജീവിതത്തെ മുഴുവൻ തകിടം മറിച്ചു. അന്നുവരെ ജപമാലയും വിശുദ്ധ കുർബാനയും ജീവശ്വാസം പോലെ നിറഞ്ഞുനിന്നിരുന്ന ജീവിതത്തിലേക്ക് അവിശ്വാസവും നിരീശ്വരവാദവും കത്തോലിക്കാസഭ യോടുള്ള വിയോജിപ്പുകളും വർദ്ധിച്ചുവന്നു. ഒടുവിലായി സാത്താൻ ആരാധകനും സാത്താൻ പുരോഹിതനുമായി.

ഒരിക്കൽ വിശുദ്ധിയോടെ പങ്കെടുത്തുപോന്നിരുന്ന തിരുക്കർമ്മങ്ങൾ ഏറ്റവും മലീനവും അപഹാസ്യവുമായി അവതരിപ്പിക്കാൻ സന്നദ്ധനായ വ്യക്തിയായി തീർന്നു അയാൾ. സാത്താൻ ജീവിതത്തിൽ പിടിമുറുക്കുമ്പോൾ എങ്ങനെയെല്ലാമാണ് നമ്മൾ മാറിമറിയുന്നതെന്നതിന് ഇതുമാത്രം മതി ഉദാഹരണം. ബെർത്തോലോയുടെ വഴിപിഴച്ച ജീവിതത്തെയോർത്ത് കണ്ണീരൊഴുക്കാത്ത ഒരു നേരം പോലും ഉണ്ടായിരുന്നില്ല ബന്ധുക്കൾക്ക്. അവരുടെ പ്രാർത്ഥന ദൈവം കേൾക്കുന്നുണ്ടായി രുന്നു. കണ്ണീരുകൾ പരിശുദ്ധ മിറയം കാണുന്നുണ്ടായിരുന്നു. അവർ അർപ്പിച്ച മാതൃസ്തുതി കൾ..ജപമാലകൾ..അതൊക്കെയും വെറുതെയാവില്ലല്ലോ.. അതുകൊണ്ട് ബെർത്തോലോയെ രക്ഷിച്ചെടുക്കാനായി ദൈവം മാതൃമാധ്യസ്ഥം വഴി ഫാ. ആൽബർട്ടിനെയും പ്രഫ. വിൻസെന്റ് പെപ്പേയേയും അയാളുടെ അടുക്കലേക്ക് അയച്ചു. അവിടെ മറ്റൊരു ബെർത്തലോ ലോംഗോ ജനിക്കുകയായിരുന്നു.

എന്റെ ജപമാല ചൊല്ലുന്നവരെ ഞാൻ രക്ഷിക്കും എന്ന പരിശുദ്ധ മറിയത്തിന്റെ വാക്കുകളായിരുന്നു ബെർത്തോലേയുടെ ജീവിതത്തെ തിരികെ കൊണ്ടുവരാനായി ഫാ.അൽബർട്ട് ഉപയോഗിച്ച ആയുധം. അത് ബെർത്തോലോയുടെ ജീവിതത്തെ മാറ്റിമറിച്ചു. പരിശുദ്ധ അമ്മ ആ ഹൃദയത്തിലെ കെടാവിളക്കായി ശോഭിക്കാൻ തുടങ്ങി. തീവ്രമായ മരിയൻ സ്നേഹത്തിൽ ബെർത്തലോ എരിഞ്ഞുതുടങ്ങി. മരിയൻ ഭക്തി പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം മുന്നിട്ടിറങ്ങി. ആയുസിലെ ഏറ്റവും വലിയ ആഗ്രഹം മറിയത്തെ നേരിൽ കാണണം എന്നതായി. സാത്താന്റെ കറുത്ത കരങ്ങളിൽ നിന്ന് തന്നെ രക്ഷിച്ചത് മാതാവാണെന്ന് അദ്ദേഹം ഉറച്ചുവിശ്വസിച്ചു. തന്റെ എല്ലാ പ്രതീക്ഷയും അമ്മയിലാണെന്നും എല്ലാ

പ്രതിസന്ധികളിലും താൻ ശരണം വച്ചത് അമ്മയിലാണെന്നും ബെർത്തലോ ലോംഗോ വിളിച്ചുപറഞ്ഞു. 1926 ഒക്ടോബർ അഞ്ചിനായിരുന്നു മരണം. 1980 ഒക്ടോബർ 26 ന് വാഴ്ത്തപ്പെട്ട പദവിയിലെത്തി.